"ഭരണഭാഷ -മാതൃഭാഷ"

നം.ICDS/B2/5510/18

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി:
Email : swdicds@gmail.com
Phone: 0471-2346508 Fax: 0471-2346534

## സർക്കുലർ

വിഷയം :വനിതാ ശിശുവികസന വകുപ്പ് - ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതി - തൃശൂർ ജില്ലയ്ക്ക് പുറമേ 13 ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :ഗവ: സ്പെഷ്യൽ സെക്രട്ടറിയുടെ 18/4/18 ലെ SJD/B1/220/2018 -SJD നമ്പർ കത്ത്.

രാജ്യത്ത് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും അനുപാതം കുറഞ്ഞു വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാംപെയിനായി ഉയർത്തിക്കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി തെരഞ്ഞെടുക്കുപ്പെട്ട ജില്ലകളിൽ നടപ്പിലാക്കി വരുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ് BBBP. കേരളത്തിൽ നിലവിൽ തൃശൂർ ജില്ലയിൽ മാത്രമാണ് ടി സ്കീം നടപ്പിലാക്കിയിട്ടുള്ളത്.

കേരളത്തിലെ 13 ജില്ലകളേയും Media Advocacy Outreach എന്ന കമ്പോണന്റിൽ ഉൾപ്പെടുത്തി ടി പദ്ധതി വ്യാപിപ്പിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ BBBP യുടെ Media Advocacy Outreach Programme ലേക്ക് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ജില്ലാതല ICDS പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്തുകളിൽ ഗുഡി-ഗുഡ ബോർഡ് സ്ഥാപിക്കുക.( ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ.
2) TV, Radio, Local Cable, Social Media/SMS, Whatsapp, Face Book, Twitter, Ringtones എന്നിവ വഴി BBBP Message കൾ ജനങ്ങളിൽ എത്തിക്കാൻ ശ്രദ്ധിക്കണം.
3) സ്കൂളുകളിലും കോളേജുകളിലും പെൺകുട്ടികളുടെ ഉന്നമനം ലക്ഷ്യമാക്കി Quiz Debate മത്സരങ്ങൾ സംഘടിപ്പിക്കുക.
4) അങ്കണവാടി പ്രവർത്തകർ മുഖേന Door to Door Campaign.
5) Mobile Exhibition Van ജില്ലകൾതോറും നടത്താവുന്നതാണ്.
6) കൂട്ടായ്മകളിൽ Residence Association കൾ, സ്കുളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ BBBP Pledge തയ്യാറാക്കി അവതരിപ്പിക്കാവുന്നതാണ്.
7) BBBP Logo പ്രദർശനം (ഔദ്യോഗിക കത്തുകളിൽ, വാഹനങ്ങളിൽ, സ്കൂൾ ബസുകളിൽ, ഗവൺമെന്റ് സ്ഥാപനങ്ങളിൽ എന്നിവിടങ്ങളിൽ ചെയ്യാവുന്നതാണ്)

8) പെൺകുട്ടികളുടെ ദിനാഘോഷങ്ങൾ സംഘടിപ്പിക്കാവുന്നതും ആയതിൽ ജില്ലാ തലത്തിൽ Brand Ambassador നെ കണ്ടെത്താവുന്നതുമാണ്.
9) Leaflets, Brochures / Pamphlets, Feature Writing, Press Release, Special Awareness Campaigns (Early Registration of Pregnancy, Birth Registration) എന്നിവ തയ്യാറാക്കുക.

ടി പ്രവർത്തനങ്ങൾ 13 ജില്ലകളിലേയും പ്രോഗ്രാം ഓഫീസറുടെ നേതൃത്വത്തിൽ നിർവ്വഹിക്കേണ്ടതും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി**

13 ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും